## 2024-ITERO-S—ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല ശുശ്രൂഷയിലുള്ള നമ്മുടെ ശുശ്രൂഷ പൂർണമായി നിർവഹിക്കുന്നതിന് ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടുകൊണ്ട്, മാനത്തിനായുള്ള ഒരു പാത്രം, പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യൻ, ആയിരിക്കുക

### എട്ട് ദൂതുകളുടെയും ഒരു ഉദാഹരണ രേഖചിത്രം

A Simple Diagram of 2024 Spring ITERO




2024 ITERO-S ദൂതുകളുടെ ഒരു ഉദാഹരണ രേഖാചിത്രം




PSRP ജീവിതം

PSRP യോഗം സൂമിൽ (Zoom) — തിങ്കളാഴ്ച്ച വൈകുന്നേരം 7 മണിക്ക് Meeting ID: 984 094 547 Passcode: 1

അടുത്ത പേജ് കാണുക 👇

**ദൂത് ഒന്ന്** **ദൈവം-നൽകിയ ആത്മാവിനെ വീശി ജ്വലിപ്പിച്ചുകൊണ്ട്, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ഒരു ശീലം കെട്ടിപ്പടുക്കുന്നതിലൂടെ ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ യാഥാർഥ്യത്തിൽ അതിന്റെ നിറവേറലിനുവേണ്ടി ജീവിക്കുന്നത്**

2 Tim 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

**ദൂത് രണ്ട്** **തന്റെ സ്വന്തം ഉദ്ദേശ്യമനുസരിച്ച് ദൈവം നമ്മെ വിളിക്കുന്നു**

2 Tim 1:9 അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയുംചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു,

**ദൂത് മൂന്ന്** **ഉപദേഷ്ടാക്കന്മാരും, പടയാളികളും, മത്സരാർഥികളും, കർഷകനും, വേലക്കാരുമായിരിക്കുവാൻ ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടുന്നു**

2 Tim 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;
2 അനേകം സാക്ഷികളിലൂടെ എന്നിൽ നിന്ന് നീ കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക.
3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.
4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.
5 മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല.
6 അധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്നു പങ്കുകൊള്ളുവാൻ.
7 ഞാൻ പറയുന്നത് കരുതിക്കൊള്ളുക, കർത്താവ് സകലത്തിലും നിനക്കു ഗ്രാഹ്യം നൽകും.

2 Tim 2:15 സത്യത്തിന്റെ വചനത്തെ നേരെ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളവനാകുക

**ദൂത് നാല്** **ക്രിസ്തു മരണത്തെ ഇല്ലാതാക്കുകയും ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നതും, മരിച്ചവരിൽനിന്നും ഉയിർപ്പിക്കപ്പെട്ടവനായ ദാവീദിന്റെ സന്തതിയായ യേശുക്രിസ്തുവിനെ നാം ഓർക്കുന്നതും**

2 Tim 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

2 Tim 2:8 എന്റെ സുവിശേഷപ്രകാരം, മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ട, ദാവീദിന്റെ സന്തതിയിൽ നിന്നുള്ള, യേശു ക്രിസ്തുവിനെ ഓർത്തുകൊള്ളുക,

**ദൂത് അഞ്ച്** **ദൈവത്തിന്റെ ശ്വാസമെന്ന നിലയിൽ ദൈവവചനം ശ്വസിക്കുകയും നിശ്വസിക്കുകയും ചെയ്തുകൊണ്ട് പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവമനുഷ്യനായിരിക്കുന്നത്**

2 Tim 3:14 എന്നാൽ നീ പഠിച്ചതും നിശ്ചയം പ്രാപിച്ചതുമായ കാര്യങ്ങളിൽ തുടരുക, അവ ആരിൽനിന്നു നീ പഠിച്ചു എന്ന് അറിഞ്ഞുകൊണ്ട് തന്നെ,
15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.
16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,
17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

**ദൂത് ആറ്** **ഒരു മാനപാത്രമായിരിക്കുന്നതും നിർമല ഹൃദയത്തിൽനിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും, വിശ്വാസവും, സ്നേഹവും, സമാധാനവും പിൻപറ്റുന്നതും**

2 Tim 2:20 എന്നാൽ ഒരു വലിയ വീട്ടിൽ സ്വർണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ മാത്രമല്ല മരവും മണ്ണും കൊണ്ടുള്ളവയുമുണ്ട്; ചിലത് മാനത്തിനായും ചിലത് അപമാനത്തിനായും ആകുന്നു.
21 അതുകൊണ്ട് ഇവയിൽ നിന്ന് ആരെങ്കിലും തന്നെത്താൻ വെടിപ്പാക്കുന്നു എങ്കിൽ, അവൻ മാനത്തിനായി, വിശുദ്ധീകരിക്കപ്പെട്ട, യജമാനനു പ്രയോജനമുള്ള, സകല സൽപ്രവൃത്തിക്കും ഒരുക്കപ്പെട്ട ഒരു പാത്രമായിരിക്കും.
22 എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക.

**ദൂത് ഏഴ്** **ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജൈവിക കെട്ടുപണിക്കുവേണ്ടി ജീവകൃപയുടെ പഥ്യവചനങ്ങൾ സംസാരിച്ചുകൊണ്ട് ദൈവത്തിന്റെ നിത്യവ്യവസ്ഥയെക്കുറിച്ചുള്ള പഥ്യോപദേശം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിലൂടെ നമ്മെ ശക്തിപ്പെടുത്തുന്ന കൃപയായിരിക്കുവാൻ കർത്താവ് നമ്മുടെ ആത്മാവിനോടുകൂടെ ആയിരിക്കുന്നു**

2 Tim 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

2 Tim 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

2 Tim 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 Tim 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

**ദൂത് എട്ട്** **"നിന്റെ ശുശ്രൂഷ പൂർണമായി നിർവഹിക്കുക"**

2 Tim 4:5d ... നിന്റെ ശുശ്രൂഷ പൂർണമായി നിർവഹിക്കുക.